സത്വര നടപടികൾ കൈക്കൊണ്ടു വരികയാണ്. കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ എത്രയും വേഗം തുറന്നു പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം 1200 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. കൂടാതെ കോർപ്പറേഷൻ ബാങ്കുകൾക്ക് നൽകാനുള്ള 110 കോടി രൂപയുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. അടഞ്ഞുകിടന്ന ഫാക്ടറികൾ തുറക്കാനായി അറ്റകുറ്റപ്പണികൾക്കു വേണ്ട ധനസഹായം നൽകിയിട്ടുണ്ട്. ബാങ്ക് വായ്പ ലഭ്യമാകുന്നതിനായി കോർപ്പറേഷന്റെ പേരിലുള്ള ഗ്യാരണ്ടി പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. കാപെക്സിന്റെ കീഴിലുള്ള ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാനും സർക്കാർ സഹായം നൽകിയിരുന്നു. 2002 വർഷത്തിലെ ബോണസ് നൽകുന്നതിന് 60 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

സ്വർണ്ണാഭരണങ്ങൾ കയറ്റുമതി ചെയ്യാൻ നടപടി

26 [3431] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
„ ടി. വി. ചന്ദ്രമോഹൻ:
„ എം. കെ. പോൾസൺ മാസ്റ്റർ:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാന്റിക്രാഫ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷനോ ആർട്ടിസാൻസ് കോർപ്പറേഷനോ ആഭരണ നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ബി) ഇന്ത്യയിൽ നിന്നും കയറ്റി അയയ്ക്കുന്ന സ്വർണ്ണാഭരണങ്ങൾക്കു വിദേശ മാർക്കറ്റിൽ നല്ല ഡിമാന്റ് ഉണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തുനിന്നും പ്രസ്തുത കോർപ്പറേഷനുകളുടെ ആഭിമുഖ്യത്തിൽ സ്വർണ്ണാഭരണങ്ങൾ കയറ്റി അയയ്ക്കാനുള്ള സാദ്ധ്യത ആരായുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ഇതു സംബന്ധിച്ച പദ്ധതികൾ ഒന്നും തൽക്കാലം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

ബാംബൂ കോർപ്പറേഷൻ നേരിടുന്ന പ്രതിസന്ധി

27 [3432] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ രൂക്ഷമായ പ്രതിസന്ധിയിലാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രതിസന്ധിക്ക് കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly